പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5799 05.07.2013 -ൽ മറുപടിക്ക്

## 10000 കോടി രൂപയുടെ റോഡ് വികസന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത് : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ) സർക്കാർ പ്രഖ്യാപിച്ച 10000 കോടി രൂപയുടെ റോഡ് വികസന പദ്ധതി ഏതു വർഷം തുടങ്ങി ; എത്ര വർഷം കൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) സ്പീഡ് കേരളയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ നടപ്പ് വർഷം ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. പദ്ധതി എത്രവർഷം കൊണ്ട് പൂർത്തിയാക്കാമെന്ന് കൃത്യമായി കണക്കാക്കി-യിട്ടില്ല. |
| (ബി) പ്രസ്തുത പദ്ധതികൾക്ക് ആവശ്യമായ തുക ഏതെല്ലാം ഏജൻസികളിൽ നിന്നും സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിൽ സർക്കാർ വിഹിതം എത്രയെന്നും വ്യക്തമാക്കുമോ ; | (ബി) പദ്ധതികൾക്ക് ആവശ്യമായ തുക ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കേരള റോഡ് ഫണ്ട് ബോർഡ് വഴി സമാഹരിക്കാനാണ് ഉദ്ദേശിക്കു-ന്നത്. വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കിയ ശേഷം മാത്രമേ ഇതു സംബന്ധിച്ച അന്തിമ തീരുമാനമെടുക്കാനാവുകയുള്ളു. |
| (സി ഏതൊക്കെ റോഡുകൾക്കാണ് പ്രസ്തുത പദ്ധതി വഴി പണം ചെലവഴിക്കു-ന്നതെന്നും ഓരോ റോഡിനും ചെലവഴി-ക്കാൻ ഉദ്ദേശിക്കുന്ന തുക എത്രയെന്നും വ്യക്തമാക്കുമോ ; | (സി) വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കിയ ശേഷമേ ഓരോ റോഡിനും വേണ്ടി വരുന്ന ചെലവ് വ്യക്തമാകുകയുള്ളു. |
| (ഡി) പ്രസ്തുത പദ്ധതിയ്ക്കായി വായ്പ-യെടുക്കുന്ന തുക ഏതു രീതിയിൽ തിരിച്ച-ടയ്ക്കാനാണ് ഉദ്ദേശിക്കുന്നതെന്നും എത്ര വർഷം കൊണ്ട് തിരിച്ചടയ്ക്കാനാവുമെന്നും വ്യക്തമാക്കുമോ ; | (ഡി) വാഹന നികുതി രംഗത്ത് Additional Resource Mobilization നടത്തി വായ്പ തിരിച്ചടയ്ക്കുന്നതിനായി കേരള റോഡ് ഫണ്ട് ബോർഡിന് തുക ലഭ്യമാക്കുന്നതാണ്. വായ്പ യെടുക്കുന്ന തുക സംബന്ധിച്ചും അവയുടെ തിരിച്ചടവ് കാലാവധി സംബന്ധിച്ചും അന്തിമ തീരുമാനമായിട്ടില്ല. |
| (ഇ) പ്രസ്തുത പദ്ധതി പ്രകാരം പണിയുന്ന റോഡുകൾക്ക് ടോൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ? | (ഇ) ഇല്ല. |

സെക്ഷൻ ഓഫീസർ